# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഡിസംബർ 22

**December 22** **2020**

**1195 ധനു 7 ചൊവ്വ**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**നാഷണൽ ലോക് അദാലത്ത് ജനുവരി 9 ന്**

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, പത്തനംതിട്ട കോടതി കോംപ്ലക്സിലുള്ള കോടതികളിലും അടൂർ, റാന്നി, തിരുവല്ല എന്നീ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികൾ അതാത് താലൂക്കിലുള്ള കോടതികളിലും 2021 ജനുവരി ഒൻപതിന് നാഷണൽ ലോക് അദാലത്ത് സംഘടിപ്പിക്കും.

ഒത്തുതീർപ്പാകുന്ന ക്രിമിനൽ കേസുകൾ, സെക്ഷൻ 138 എൻ.ഐ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ, വാഹനാപകട നഷ്ടപരിഹാര കേസുകൾ, കുടുംബകോടതി കേസുകൾ, തൊഴിൽ, ഇലക്ട്രിസിറ്റി, വെള്ളകരം, റവന്യൂ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾ എന്നിവ അദാലത്തിൽ പരിഗണിക്കും. അദാലത്തിന് പരിഗണിക്കുന്ന കേസുകളിൽ പണ സംബന്ധമായ കേസുകൾ ചർച്ചയിലൂടെ ഇളവുകൾ നൽകി തീർപ്പാക്കും.

ബാങ്ക്, രജിസ്ട്രേഷൻ, പഞ്ചായത്ത്, കെ.എസ്.എഫ്.ഇ, കോ-ഓപ്പറേറ്റീവ് ബാങ്ക്, മോട്ടോർ വെഹിക്കിൾ, ടാക്സേഷൻ എന്നിവ സംബന്ധമായ പരാതികൾ അദാലത്തിൽ പരിഗണിക്കണമെന്നുെ ങ്കിൽ പത്തനംതിട്ട ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുമായോ, അടൂർ, തിരുവല്ല, റാന്നി താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളുമായോ ഉടൻ ബന്ധപ്പെടണമെന്ന് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സബ് ജഡ്ജ് അറിയിച്ചു. ഫോൺ: 0468 2220141, ഇ മെയിൽ- d1sapta@gmail.com.

(പിഎൻപി 4950/20)

**സർക്കാർ ഓഫീസുകളിലെ പാഴ്വസ്തുക്കൾ**
**ക്ലീൻ കേരള കമ്പനിക്ക് കൈമാറണം**

സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളേയും ഹരിത ഓഫീസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിലുള്ള ഇ-മാലിന്യം, ഉപയോഗശൂന്യമായ ഫർണിച്ചറുകൾ, പേപ്പറുകൾ ഉൾപ്പെടെയുള്ള മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവ അടിയന്തരമായി ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് ഓഫീസ് മേധാവികൾ നടപടി സ്വീകരിക്കണമെന്ന് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു.

സർക്കാർ ഓഫീസുകളിലെ ജൈവ, അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തി ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് നടത്തുന്ന ഹരിത ഓഡിറ്റ് പ്രകാരം ഓഫീസുകൾക്ക് ഗ്രീൻ ഓഫീസ് സർട്ടിഫിക്കേഷനും ഗ്രേഡും നൽകും. ഫോൺ: 8589021462, 8129557741.

(പിഎൻപി 4951/20)

## ക്രിസ്മസ്- പുതുവത്സരം ആഘോഷം: താലൂക്ക്തല സ്ക്വാഡുകളെ നിയമിച്ചു

ക്രിസ്മസ് -പുതുവത്സര ആഘോഷത്തോടനുബന്ധിച്ച് വ്യാജ മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവയുടെ ഉപയോഗം, വിപണനം, വിതരണം എന്നിവ തടയുന്നതിനായി താലൂക്ക്തല സ്കാഡുകളെ രൂപീകരിച്ച് ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവായി. ഇക്കാലയളവിൽ വ്യാജ മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവയുടെ ഉപഭോഗം വർധിക്കാനിടയുള്ള സാഹച ര്യത്തിൽ ഇവയുടെ ഉപയോഗം, വിപണനം, വിതരണം എന്നിവ തടയുന്നതിനായി എക്സൈസ്, പോലീസ്, റവന്യൂ, വനം എന്നീ വകുപ്പുകൾ യോജിച്ചു പ്രവർത്തനം നടത്തും.

ജില്ലയിൽ അടൂർ, കോഴഞ്ചേരി, മല്ലപ്പള്ളി, റാന്നി, തിരുവല്ല, കോന്നി എന്നിവിടങ്ങളിൽ റെയ് ഡ് നടത്തുന്നതിനായി 24 മണിക്കൂറും സ്ക്വാഡ് പ്രവർത്തനം നടത്തും.തഹസിൽദാർമാർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർ എന്നിവർ അടിങ്ങിയതാണ് താലൂക്ക്തല സ്ക്വാഡ്.

(പിഎൻപി 4952/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 22 | |
|---|---|
| **December 22** | **2020** |

**1196 ധനു 7 ചൊവ്വ**

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

**തങ്കയങ്കി രഥഘോഷയാത്ര**
**ആറൻമുളയിൽ നിന്നും**
**പ്രയാണമാരംഭിച്ചു**

പുലർകാല സൂര്യനും വിശ്വാസി സമൂഹവും സാക്ഷി. ശബരിമല അയ്യപ്പന് മണ്ഡലപൂജയ്ക്കു ചാർത്താനുള്ള തങ്കയങ്കിയും വഹിച്ചു കൊ ുള്ള രഥഘോഷയാത്ര ആറൻമുളയിൽ നിന്നും പ്രയാണമാരംഭിച്ചു. കൊട്ടും കുരവയും സ്തുതിഗീതങ്ങളും ഉയർന്ന ചൊവ്വാഴ്ച പുലർച്ചെ 7.10 നാണ് തങ്കയങ്കി നിറച്ച പേടകം പേറുന്ന രഥം ചലിച്ചു തുടങ്ങിയത്.

ശബരിമല ക്ഷേത്രത്തിന്റെയും കൊടിമരത്തിന്റെയും മാതൃകയിലാണ് രഥം ഒരുക്കിയിട്ടുള്ളത്. കോഴഞ്ചേരി ഈസ്റ്റ് കൊല്ലീരേത്ത് ബിജുവും അനുവും ഒരു മാസം നടത്തിയ വിശ്രമരഹിതമായ സേവനത്തെ തുടർന്നാണ് രഥം തയ്യാറായത്. മൂന്നു പതിറ്റാ ാളം സ്വന്തം ജീപ്പിൽ രഥം തീർത്ത് സാരഥിയായി സേവനം അനുഷ്ഠിച്ചിരുന്നത് കൊല്ലീരേത്ത് തങ്കപ്പനാചാരിയാണ്. പിതാവിന്റെ മരണശേഷം മക്കൾ ഈ ദൗത്യം നിയോഗം പോലെ ഏറ്റെടുത്തു. നി വ്രതാനുഷ്ഠാനങ്ങളോടെയാണ് രഥം നിർമ്മിക്കുന്നത്. ഇരുവരും ഡ്രൈവർമാർ കൂടിയാണ്.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ തങ്കം കൊ ് നിർമ്മിച്ച് നടയ്ക്കുവച്ച 435 പവൻ തൂക്കമുള്ള ആഭരണങ്ങളാണ് തങ്കയങ്കി. ഇത് ചാർത്തിയാണ് മണ്ഡലപൂജ നടത്തുക. ചൊവ്വാഴ്ച പുലർച്ചെ അഞ്ചിന് ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിലെ ആനക്കൊട്ടിലിൽ തുറന്നുവച്ച തങ്കയങ്കി 6.30ന് ദേവസ്വം ബോർഡ് ജീവനക്കാരുടേയും സായുധ പൊലീസ് സംഘത്തിന്റെയും നേതൃത്വത്തിൽ രഥത്തിലേക്കുമാറ്റി. ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എൻ. വാസു, മെമ്പർ കെ.എസ്. രവി, മുൻ പ്രസിഡന്റ് എ. പത്മകുമാർ, മുൻ എംഎൽഎ മാലേത്ത് സരളാ ദേവി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ആദ്യ ദിനത്തിലെ രഥയാത്ര ഓമല്ലൂർ രക്തകണ്ഠസ്വാമി ക്ഷേത്രത്തിലാണ് വിശ്രമിച്ചത്. ബുധനാഴ്ച രാത്രി കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിലും 24 ന് വ്യാഴാഴ്ച പെരുനാട് ശാസ്താ ക്ഷേത്രത്തിലുമാണ് വിശ്രമം. 25 ന് വെള്ളിയാഴ്ച പകൽ 1.30 ന് പമ്പയിൽ എത്തിച്ചേരും. തുടർന്ന് മൂന്നിന് പമ്പ ഗണപതി ക്ഷേത്രത്തിൽ നിന്നും പുറപ്പെട്ട് ശരംകുത്തിയിൽ എത്തുമ്പോൾ ഘോഷയാത്രയെ

ആചാരാനുഷ്ഠാനങ്ങളോടെ വരവേൽക്കും. ഉത്സവാഘോഷ നിറവിൽ നടന്നിരുന്ന സ്വീകരണങ്ങൾക്ക് കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതു കൊ ് നിയന്ത്രണമു ്.

***ഫോട്ടോ അടിക്കുറിപ്പ്: തങ്കയങ്കി സ്റ്റാർട്ടിംഗ്:-***

മണ്ഡല പൂജയ്ക്ക് സമാപനം കുറിച്ച് ശബരിമലയിൽ അയ്യപ്പന് ചാർത്തുവാനുള്ള തങ്കയങ്കി വഹിച്ചുകൊ ുള്ള രഥയാത്ര ആറൻമുള ക്ഷേത്രത്തിൽ നിന്നും പുറപ്പെടുന്നു.

***തങ്കയങ്കി:-***

മണ്ഡല പൂജയ്ക്ക് സമാപനം കുറിച്ച് ശബരിമലയിൽ അയ്യപ്പന് ചാർത്തുവാനുള്ള തങ്കയങ്കി ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നും ദേവസ്വം പ്രസിഡന്റ് എൻ.വാസുവും ക്ഷേത്രം ജീവനക്കാരും ചേർന്ന് തങ്കയങ്കി ഘോഷയാത്രയ്ക്കുള്ള രഥത്തിലേക്കെടുക്കുന്നു.

***പ്രസിഡന്റ്:-***

മണ്ഡല പൂജയ്ക്ക് സമാപനം കുറിച്ച് ശബരിമലയിൽ അയ്യപ്പന് ചാർത്തുവാനുള്ള തങ്കയങ്കി ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ ദർശനത്തിന് വച്ചപ്പോൾ തൊഴുന്ന ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ.വാസു.

(പിഎൻപി 4953/20)








# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഡിസംബർ 22<br>**December 22** | **2020** |
|---|---|

**1196 ധനു 7 ചൊവ്വ**

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**കോവിഡ് വാക്സിൻ വിതരണം;**
**ജില്ലയിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു**

കോവിഡ് 19 എതിരെയുള്ള വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് പത്തനംതിട്ട ജില്ലയിൽ വിതരണം ചെയ്യുന്നതിന് ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ ഊർജിതമാക്കി. ഇതിന്റെ ഭാഗമായി എ.ഡി.എം അലക്സ് പി. തോമസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാതല കാര്യ നിർവഹണ സമിതി യോഗം കൂടി.

ആദ്യഘട്ടത്തിൽ 17000ത്തോളം സർക്കാർ, സ്വകാര്യമേഖലയിലെ ആരോഗ്യ പ്രവർത്തകർക്കാണ് വാക്സിൻ നൽകുന്നത്. ഇതിനായി നൂറോളം വാക്സിനേഷൻ സൈറ്റുകൾ സജ്ജീകരിക്കും. മുൻകൂട്ടി സോഫ്റ്റ്‌വെയർ രജിസ്ട്രേഷൻ ചെയ്ത വ്യക്തികൾക്ക് സോഫ്റ്റ്‌വെയർ മുഖേന നിശ്ചയിച്ച ദിവസങ്ങളിൽ നിശ്ചിത വാക്സിനേഷൻ പോയിന്റുകളിലാണ് വാക്സിൻ നൽകുക. ഇതിനായി മുന്നൂറോളം വാക്സിനേറ്റർമാരുടെ സേവനം ലഭ്യമാക്കും. ജില്ലയിൽ കോവിഡ് വാക്സിൻ സൂക്ഷിക്കാനുള്ള ശീതികരണ സംവിധാനങ്ങൾ ര ാഴ്ചയ്ക്കുള്ളിൽ സജ്ജമാകും. മൂന്നു ഘട്ടമായാണ് വാക്സിൻ വിതരണം നടത്തുന്നത്. പൊതുജനങ്ങൾക്ക് മൂന്നാം ഘട്ടത്തിലാണ് വാക്സിൻ വിതരണം ചെയ്യുന്നത്. ഈ മാസം 31 ന് മുമ്പ് ഗുണഭോക്താക്കളുടെ സോഫ്റ്റ്‌വെയർ അപ്ഡേഷൻ പൂർത്തിയാക്കും. കുറ്റമറ്റ രീതിയിലുള്ള വാക്സിൻ വിതരണത്തിനാണ് ഒരുക്കങ്ങൾ നടക്കുന്നത്. ഇതിനായി എല്ലാ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണം ഉ ാകണമെന്ന് എ.ഡി.എം പറഞ്ഞു.

യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ.എൽ ഷീജ, ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ.എബി സുഷൻ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ.സി.എസ് നന്ദിനി, ആർ.സി.എച്ച് ഓഫീസർ ഡോ.ആർ സന്തോഷ്കുമാർ, ഭാരതീയ ചികിത്സാ വിഭാഗം ഡി.എം.ഒ ഡോ.പി.എസ് ശ്രീകുമാർ, ഹോമിയോ ഡി.എം.ഒ ഡോ.ഡി. ബിജുകുമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ്.ഷാജി ബോൺസ്‌ലെ, സാമൂഹ്യനീതി വകുപ്പ് ഓഫീസർ എസ്.ജാഫർഖാൻ, ഐ.സി.ഡി.എസ് ജില്ലാ കോ-ഓർഡിനേറ്റർ നിഷ നായർ, ഐ.എം.എ ജില്ലാ കൺവീനർ ഡോ.ജിനു വി. തോമസ്, ജില്ലാ പോലീസ് വിഭാഗം, വിദ്യാഭ്യാസ വകുപ്പ്, എൻ.സി.സി പ്രതിനിധികൾ, പ്രോഗ്രാം ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4954/20)

## കുടുംബശ്രീ ക്രിസ്മസ്- ന്യൂ ഇയർ ഫെയർ 2020 നാളെ (24)

കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ നാളെ (24) ക്രിസ്മസ് -ന്യൂ ഇയർ ഫെയർ 2020 സംഘടിപ്പിക്കും. പത്തനംതിട്ട മുൻസിപ്പൽ ടൗൺ ഹാളിൽ രാവിലെ 10 മുതൽ രാത്രി എട്ടു വരെയാണ് മേള. കേരളീയ ഭക്ഷ്യ സംസ്കാരത്തെ ആരോഗ്യ പൂർണമാക്കുകയും കുടുംബശ്രീ സംരംഭകരെ ശക്തിപ്പെടുത്തുക എന്നതാണ് ഫെയറിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. മേളയിൽ കുടുംബശ്രീ സംരംഭകരുടെ വിവിധ ഉല്പന്നങ്ങളായ കേക്ക്, കറി പൗഡറുകൾ, ബേക്കറി ഉല്പന്നങ്ങൾ, കാഷ്യു നട്ട്, അച്ചാറുകൾ, ഗാർഹിക ഉപകരണങ്ങൾ,നാടൻ പച്ചക്കറികൾ, തുണിത്തരങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും ഉ ായിരിക്കും. പൊതുജനത്തിന് മായമില്ലാത്ത ഭക്ഷണം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ മിതമായ നിരക്കിൽ ഭക്ഷ്യമേളയിലെ വിഭവങ്ങൾ ആസ്വദിക്കാം.

(പിഎൻപി 4955/20)

## പോപ്പുലർ ഫിനാൻസ്: ജപ്തി നടപടികൾ നടന്നു

കോന്നി പോപ്പുലർ ഫിനാൻസിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും ജപ്തി നടപടികൾ നടന്നു. കോന്നിയിൽ പ്രവർത്തിച്ചുകൊ ിരുന്ന പോപ്പുലർ ഫിനാൻസിന്റെ ഉടമ കോന്നി, വകയാർ, മങ്ങാരം മുറിയിൽ ഇ ിക്കാട്ടിൽ വീട്ടിൽ തോമസ് ദാനിയേലിന്റെ പേരിൽ വി-കോട്ടയം വില്ലേജിൽ ബ്ലോക്ക് 32 ൽ ത ഷ്പേർ 3362 ൽ റീസർവെ നമ്പർ 87/4, 8.64 ആർ നിലവും 122/2 നമ്പരിൽ 68.55 ആർ പുരയിടവും 122/5 നമ്പരിൽപെട്ട 13.30 ആർ പുരയിടവും 124/4 നമ്പരിൽപെട്ട 66.10 ആർ പുരയിടവും ഉൾപ്പെടെ ഒരു ഹെക്ടർ 56 ആർ 50 ച.മീറ്റർ സ്ഥലം (മൂന്ന് ഏക്കർ 87 സെന്റ് സ്ഥലം) കോന്നി തഹസിൽദാർ കെ. ശ്രീകുമാറിന്റെ നിർദേശപ്രകാരം വി-കോട്ടയം വില്ലേജ് ഓഫീസർ ജപ്തി ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കി തഹസിൽദാർക്ക് നൽകി.

വില്ലേജ് ഓഫീസർ ആർ.അരുൺ, വില്ലേജ് അസിസ്റ്റന്റ് കെ.വിനോദ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരായ എസ്.സുധീർ, ആർ.സുനിൽ കുമാർ തുടങ്ങിയവർ ജപ്തി നടപടികൾക്ക് നേതൃത്വം നൽകി.

(പിഎൻപി 4956/20)

## പത്തനംതിട്ട ജില്ലയിലെ പുതിയ കെ യ്ൻമെന്റ് സോണുകൾ

കുളനട ഗ്രാമപഞ്ചായത്തിലെ വാർഡ് 5 (കടലിക്കുന്ന് മാവുനിൽക്കുന്നതിൽ മുകളിശ്ശേരി ഭാഗം, ബഥനി മഠം മുടന്തിയാനിക്കൽ ഭാഗം),അയിരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 7 എന്നീ പ്രദേശങ്ങളിൽ ഡിസംബർ 22 മുതൽ 7 ദിവസത്തേക്ക് കെ യ്ൻമെന്റ് സോൺ നിയന്ത്രണം.

രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നതുകണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ കെ യ് ൻമെന്റ് സോണുകൾ ജില്ലാ കളക്ടർ പി.ബി. നൂഹ് ഐ.എ.എസ് പ്രഖ്യാപിച്ചത്.

(പിഎൻപി 4957/20)

## കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി

നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ വാർഡ് 3 ( മടന്തമൺ ചെമ്പനോലി ആറാട്ടുമൺ ഭാഗം), വാർഡ് 8 ( അത്തിക്കയം ടൗൺ ഭാഗം), വടശേരിക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ( കൈരളിപ്പടി റോഡ് മുതൽ പരുത്തിക്കാവ് അമ്പലം വരെയും ചെറുകുളഞ്ഞി അംഗൻവാടി മുതൽ ബഥനി ആശ്രമം ഹൈസ്കൂൾ വരെയുള്ള ഭാഗം), ഏറത്ത് ഗ്രാമപഞ്ചായത്തിലെ വാർഡ് 13 (ചരുവിളപ്പടി ഭാഗം), വാർഡ് 15 (ചരുവിളപ്പടി ഭാഗം), അടൂർ മുനിസിപ്പാലിറ്റിയിലെ വാർഡ് 25 (ബൈപ്പാസ് വഴി - മുതിരവിളപ്പടി സീഡ് ഫാം വരെയുള്ള ഭാഗം), കവിയൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 8 (മുരിങ്ങൂർ കുന്ന്, പിലിയിക്കാമല ഇടനാട്ടു കടവ് ഉൾപ്പെടുന്ന ഭാഗം), പന്തളം - തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 2 (കൈരളി ജംഗ്ഷൻ മുതൽ അയനിക്കൂട്ടം കോളനി വരെ), കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 15 (കൊക്കാട്ട് ഭാഗം)പ്രദേശങ്ങളെ ഡിസംബർ 23 മുതൽ കെ യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ച കെ യ്ൻമെന്റ് സോൺ നിയന്ത്രണം അവസാനിക്കുന്ന സാഹചര്യത്തിലും കെ യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഉത്തരവായത്.

(പിഎൻപി 4958/20)



# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 22<br>December 22 | 2020 |
|---|---|

**1196 ധനു 7 ചൊവ്വ**

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

## കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചു: മുഖ്യമന്ത്രി

കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള പര്യടനത്തിന്റെ ഭാഗമായി പത്തനംതിട്ടയിൽ പ്രമുഖ വ്യക്തികളുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനു നടത്തിയ പരിപാടിയിൽ ആമുഖ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

വ്യവസായ അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഏഴു നിയമങ്ങളും 10 ചട്ടങ്ങളും സംസ്ഥാന സർക്കാർ ഭേദഗതി ചെയ്തു. ഇത് ഉൾപ്പെടെ നിക്ഷേപകർക്ക് അനുകൂലമായ ഒട്ടേറെ നടപടികൾ കൈക്കൊ ു. വ്യവസായം തുടങ്ങുന്നവർ നേരിട്ട പ്രധാന തടസങ്ങളായ നോക്കുകൂലിക്കും ചുവപ്പുനാട കുരുക്കിനും പരിഹാരം ക ു. ലോകത്തിലെ ഏറ്റവും മനോഹരമായ സ്ഥലമാണ് കേരളം. ഭേദചിന്തകൾ ഇല്ലാത്ത സംഘർഷങ്ങൾ ഇല്ലാത്ത നാടാണ്. വ്യവസായ സൗഹൃദ അന്തരീക്ഷം കണക്കിലെടുത്ത് ലോകത്തെ പല പ്രശസ്ത സ്ഥാപനങ്ങളും കേരളത്തിലേക്കു വന്നുകഴിഞ്ഞു. മറ്റു ചിലർ വരാൻ തയാറെടുക്കുകയാണ്. നമ്മുടെ നാടിന് അനുയോജ്യമായ വ്യവസായങ്ങളേ പറ്റു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉള്ളവ പറ്റില്ല. ഐടിയുമായി ബന്ധപ്പെട്ട് സ്റ്റാർട്ടപ്പ് രംഗത്ത് രാജ്യത്ത് തന്നെ കേരളമാണ് മുന്നിട്ടു നിൽക്കുന്നത്. അസാധ്യമെന്ന് കരുതിയ പല കാര്യങ്ങളും സാധ്യമാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു.

വിവിധ പ്രതിസന്ധികൾ നേരിട്ടപ്പോഴും സർക്കാർ പറഞ്ഞിരുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പ്രയാസം നേരിട്ടെങ്കിലും അവ പാതിവഴിയിൽ ഉപേക്ഷിച്ചില്ല. നാലര വർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ ഒരു പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിച്ചിട്ടു ്. നാടിന്റെ പുനർനിർമാണം പഴയതിനെ പുതുക്കിപ്പണിയുക എന്നതിന് പകരം നവകേരളം നിർമിക്കാൻ തീരുമാനിക്കുകയായിരുന്നു.

2016 ന് മുൻപുള്ള അവസ്ഥയിൽ ജനങ്ങൾ നിരാശരായിരുന്നു. ദശകങ്ങളായി നടപ്പാകില്ലെന്ന് കരുതിയ വിവിധ പദ്ധതികൾ സാധ്യമായി. കാര്യങ്ങൾ നടപ്പാക്കാൻ പ്രാപ്തിയുള്ള നാടാണ് നമ്മുടേത്. നാടിന്റെ അന്തരീക്ഷത്തിൽ വലിയ മാറ്റം സംഭവിച്ചു. സാമ്പത്തിക ശേഷിയില്ലെങ്കിലും പലകാര്യങ്ങളിലുള്ള നേട്ടം മറ്റ് നാടുകളിൽ നിന്ന് കേരളത്തെ വ്യത്യസ്തമാക്കിയിരിക്കുന്നു.

സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സർവതല സ്പർശിയായ വികസനം സർക്കാർ ലഭ്യമാക്കി. ജനങ്ങളിൽ പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും അതിസമ്പന്നർക്കും ഒരുപോലെ വികസനം

സാധ്യമാക്കി. ഒരു വിഭാഗത്തിന് മാത്രമായി വികസനം ചുരുങ്ങാൻ പാടില്ല. വികസന സ്പർശം എല്ലായിടത്തും എത്തണം. വികസനത്തിന്റെ ഭാഗമായാണ് നാല് മിഷനുകൾക്ക് രൂപം നൽകിയത്. പത്തനംതിട്ട ജില്ലയിലെ വരട്ടാർ വീ ടുപ്പ് മഹാകാര്യമാണ്. ഇത്തരത്തിലുള്ള വികസനം നാടിന്റെ വളർച്ചയാണ്. നദികളിലെ ജലം കുളിക്കാനും കുടിക്കാനും സാധ്യമാകണം. ഹരിത കേരളം മിഷനിലൂടെ മാലിന്യ നിർമാർജനം, വിഷരഹിത പച്ചക്കറി ഉൽപാദനം എന്നിവ സാധ്യമായി.

മികച്ച വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇപ്പോൾ നമ്മുടെ നാട്ടിലു ്. നിലവാരമുള്ള സ്കൂളുകൾ ആവശ്യമായിരുന്നു. ലോകോത്തര നിലവാരമുള്ള വിദ്യാലയങ്ങളുടെ ഗുണം നാടിനാണ് ലഭിക്കുക. മറ്റ് രാജ്യങ്ങളിലെ വിദ്യാഭ്യാസവുമായി കിടപിടിക്കാൻ പറ്റുന്നവയാണ് നമ്മുടേത്. പണം ചെലവഴിക്കാൻ കഴിയുന്നവർക്കും അല്ലാത്തവർക്കും മികച്ച വിദ്യാഭ്യാസം സാധ്യമാക്കി. അതിനാൽ മാറ്റം പ്രകടമാണ്. മുൻപ് ഉ ായിരുന്നപോലെ പൊതുവിദ്യാലയങ്ങളിൽ വിദ്യാർഥികൾ കൊഴിഞ്ഞു പോകുന്നതു സംബന്ധിച്ച് ഇപ്പോൾ ചർച്ചയില്ല. അഞ്ചരലക്ഷം വിദ്യാർഥികൾ പുതുതായി പൊതുവിദ്യാലയങ്ങളിലെത്തി.

കോവിഡിനെ നമുക്ക് ഫലപ്രദമായി നേരിടാൻ കഴിഞ്ഞു. നമ്മുടെ ആരോഗ്യരംഗം കോവിഡിനോടു പൊരുതാൻ സജ്ജമായിരുന്നു. പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർന്നു. വീടെന്ന പലരുടെയും സ്വപ്നം സാക്ഷാത്കരിക്കാൻ ലൈഫ് മിഷനിലൂടെ സാധിച്ചു. ര ര ലക്ഷം വീടുകൾ ലൈഫ് മിഷനിലൂടെ പൂർത്തീകരിച്ചു.

ഇനിയും കുറേ കാര്യങ്ങൾ ചെയ്യാനു ്. നാട് ഇനിയും വികസിക്കാനു ്. കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കണം. നാടിന്റെ അഭിപ്രായമാണ് പ്രധാനം. ആ അഭിപ്രായങ്ങൾ തീരുമാനങ്ങളെ സ്വാധീനിക്കും- മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ഭാവി കേരളത്തിന്റെ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് മുഖ്യമന്ത്രി നടത്തുന്ന കേരള പര്യടനത്തിന്റെ ഭാഗമായാണ് പത്തനംതിട്ട ജില്ലയിലെ വിവിധ തലങ്ങളിലെ 100 വിദഗ്ധരുമായി കൂടിക്കാഴ്ച നടത്തിയത്. ജില്ലയുടെ ചുമതലയുള്ള വനം-വന്യജീവി വകുപ്പ് മന്ത്രി അഡ്വ.കെ.രാജു, എംഎൽഎമാരായ മുല്ലക്കര രത്നാകരൻ, മാത്യു ടി.തോമസ്, രാജു എബ്രഹാം, ചിറ്റയം ഗോപകുമാർ, വീണാ ജോർജ്, അഡ്വ. കെ.യു. ജനീഷ് കുമാർ, സിപിഐ (എം) സംസ്ഥാന കമ്മിറ്റി അംഗവും കെ.എസ്.സി.ഇ. ഡബ്ല്യൂ ബോർഡ് ചെയർമാനുമായ അഡ്വ. കെ. അനന്തഗോപൻ, സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം കെ.ജെ. തോമസ്, സിപിഐ(എം) ജില്ലാ സെക്രട്ടറി കെ.പി ഉദയഭാനു, സിപിഐ ജില്ലാ സെക്രട്ടറി എ.പി. ജയൻ, കെഎസ്എഫ്ഇ ചെയർമാൻ ഫിലിപ്പോസ് തോമസ്, എൽഡിഎഫ് കൺവീനർ അലക്സ് കണ്ണമല തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4959/20)

## കിഫ്ബി പദ്ധതികളെ ജനം സ്വീകരിച്ചു;
## നാട്ടുകാരെ തെറ്റിദ്ധരിപ്പിക്കാനാകില്ല: മുഖ്യമന്ത്രി

കിഫ്ബി പദ്ധതികളെ ജനം സ്വീകരിച്ചെന്നും തെറ്റായ പ്രചാരണം വല്ലാതെ അഴിച്ചുവിടുന്നതിലൂടെ നാടിനെയും നാട്ടുകാരെയും തെറ്റിദ്ധരിപ്പിക്കാനാകില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നവകേരള സൃഷ്ടിയുടെ മുന്നേറ്റത്തിനു സമഗ്രമായ തുടർവികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനായി മുഖ്യമന്ത്രി നടത്തുന്ന കേരള പര്യടനത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ വിവിധ തലങ്ങളിലെ 100 വിദഗ്ധരുമായി ആശയവിനിമയം നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

കിഫ്ബിയേക്കുറിച്ചുള്ള സത്യസന്ധമായ കാര്യങ്ങൾ ജനങ്ങൾക്ക് അറിയാം. സ്കൂളുകൾ, ആശുപത്രികൾ, പശ്ചാത്തല സൗകര്യ വികസനത്തിന്റെ വർധന എന്നിവയെല്ലാം സാധ്യമായതു കിഫ്ബിയുടെ സഹായത്തോടെയാണ്. അൻപതിനായിരം കോടി രൂപയുടെ പ്രവർത്തനങ്ങൾ ബജറ്റിനു പുറത്തുനിന്ന് ചെയ്യുക എന്നത് വലിയ നേട്ടമാണ്. ആദ്യഘട്ടങ്ങളിൽ ഇത് മലർപ്പൊടിക്കാരന്റെ സ്വപ്നമെന്ന് പറഞ്ഞ് പലരും തഴഞ്ഞു. എന്നാൽ, ഇപ്പോൾ അൻപതിനായിരം കോടി രൂപയും പിന്നിട്ട് കിഫ്ബിയുടെ പ്രവർത്തനങ്ങൾ തുടരുകയാണ്.

പരിവർത്തിത ക്രൈസ്തവർക്കും സംവരണം നൽകണമെന്നാണു സർക്കാർ നിലപാട്. എന്നാൽ, പരിവർത്തിത ക്രൈസ്തവ വിഭാഗത്തിന്റെ ആനുകൂല്യം തീരുമാനിക്കേ തു കേന്ദ്ര സർക്കാരാണ്. പൊതു വിദ്യാഭ്യാസ മേഖലയിൽ ഉയർച്ച സൃഷ്ടിച്ചതുപോലെ ഉന്നത വിദ്യാഭ്യാസ മേഖലയിലും വളർച്ച കൊ ുവരും. കളിക്കളങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിലു ്. ഇതിനു പരിഹാരം കാണും.

പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കും. പ്രവാസി ക്ഷേമത്തിന്റെ ഭാഗമായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും. തോട്ടങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന നടപടി കാലതാമസമില്ലാതെ തന്നെ തുടങ്ങും. ഭിന്നശേഷി സ്പെഷൽ സ്കൂളുകളോട് സർക്കാരിന് എന്നും അനുകൂല മനോഭാവമാണ്. അവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കും. മാധ്യമ ചരിത്ര മ്യൂസിയം സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുമെന്നും വിദഗ്ധരുടെ നിർദേശങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു. ഭാവിയിൽ ഉൾക്കൊള്ളേ നിർദേശങ്ങൾ എല്ലാംതന്നെ പരിശോധിക്കുകയും ആവശ്യമായവ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പ

റഞ്ഞു. ആശയ സംവാദം നടത്തിയവരും നടത്താൻ സാധിക്കാത്തവരും അവരുടെ നിർദേശങ്ങൾ രേഖാമൂലം എഴുതി മുഖ്യമന്ത്രിക്ക് കൈമാറി.

ടി.കെ.എ. നായർ, ഡോ.കെ.എം. ചെറിയാൻ, ഡോ.റെയ്സൽ റോസ്, സംവിധായകരായ ബ്ലെസി, ഡോ. ബിജു, സാഹിത്യകാരൻ ബെന്യാമിൻ, ഒ.എം. രാജു, കെഎസ്എഫ്ഇ ചെയർമാൻ ഫിലിപ്പോസ് തോമസ്, ഫാ. എബ്രഹാം മുളമ്മൂട്ടിൽ, ലീഡ് ബാങ്ക് മാനേജർ വി. വിജയകുമാരൻ, സാമൂഹിക പ്രവർത്തക ഡോ.എം.എസ്. സുനിൽ, ജോസ് കുര്യൻ, പി.ജെ. ഫിലിപ്പ്, ഡോ. സൂസൻ, പ്രസ് ക്ലബ് പ്രസിഡന്റ് ബോബി എബ്രഹാം, പന്തളം മഹാദേവ ക്ഷേത്രം പ്രതിനിധി കൃഷ്ണകുമാർ, വ്യാപാരി വ്യവസായി പ്രതിനിധികളായ കെ.എ. മാത്യു, ഷാജഹാൻ, ബിൽഡർ ബിജു സി. തോമസ്, എക്സ്പോർട്ടർ ഷാജി മാത്യു തുടങ്ങിയവരാണ് നിർദേശങ്ങൾ നേരിട്ട് അവതരിപ്പിച്ചത്. (പിഎൻപി 4960/20)

**ഫോട്ടോ അടിക്കുറിപ്പ്- സിഎം-**

കേരള പര്യടനത്തിന്റെ ഭാഗമായി പത്തനംതിട്ടയിൽ പ്രമുഖ വ്യക്തികളുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനു നടത്തിയ പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു.




